No. CEE/1133/5LLB-2021/TA3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## 2021 ലെ ത്രിവത്സര/പഞ്ചവത്സര എൽ.എൽ.ബി/എൽ.എൽ.എം/എം.ബി.എ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള തീയതി ദീർഘിപ്പിച്ചു

2021-22 അദ്ധ്യയന വർഷത്തെ ത്രിവത്സര/പഞ്ചവത്സര എൽ.എൽ.ബി/എൽ.എൽ.എം/എം.ബി.എ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി **ജൂലൈ 28-ൽ നിന്നും 2021 ജൂലൈ 31 ഉച്ചയ്ക്ക് 2.00 മണി വരെയായി ദീർഘിപ്പിച്ചു.** പ്രസ്തുത കോഴ്സുകളിലേയ്ക്ക് അപേക്ഷ സമർപ്പിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ **31.07.2021, ഉച്ചയ്ക്ക് 2.00 മണിയ്ക്കകം** ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ടതാണ്. **അപേക്ഷ സമർപ്പണത്തിനുള്ള സമയം ദീർഘിപ്പിച്ചു നൽകുന്നതല്ല.** എന്നാൽ മേൽ പറഞ്ഞ തീയതിക്കകം ഓൺലൈനായി അപേക്ഷിച്ച് വിജയകരമായി ഫീസടയ്ക്കുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ സർട്ടിഫിക്കറ്റുകൾ/അനുബന്ധ രേഖകൾ എന്നിവ ഓൺലൈനായി അപ്‌ലോഡ് ചെയ്യുന്നതിന് **05.08.2021** വൈകിട്ട് **4.00** മണി വരെ സമയം ലഭ്യമായിരിക്കും.

അപേക്ഷ സമർപ്പിച്ചതിനുശേഷം ലഭിക്കുന്ന അക്നോളജ്മെന്റിന്റെ പ്രിന്റൗട്ട് എടുത്ത് അപേക്ഷാർത്ഥികൾ സൂക്ഷിക്കേണ്ടതാണ്. അപേക്ഷയുടെ പ്രിന്റൗട്ടോ മറ്റ് സർട്ടിഫിക്കറ്റുകളോ, പ്രവേശനപരീക്ഷാ കമ്മീഷണറുടെ ഓഫീസിലേയ്ക്ക് അയയ്ക്കേണ്ടതില്ല.

മേൽ പറഞ്ഞ കോഴ്സുകളിലേയ്ക്കുള്ള ഓൺലൈൻ പ്രവേശന പരീക്ഷകൾ **2021 ആഗസ്റ്റ് 11,12,13** തീയതികളിൽ നടത്തുന്നതാണ്. പരീക്ഷകളുടെ സമയവും മറ്റ് വിശദാംശങ്ങളും പിന്നീട് അറിയിക്കുന്നതാണ്. ത്രിവത്സര/പഞ്ചവത്സര എൽ.എൽ.ബി/എൽ.എൽ.എം/എം.ബി.എ കോഴ്സുകളുടെ പ്രോസ്പെക്ടസും വിജ്ഞാപനവും www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ഹെൽപ്പ് ലൈൻ നമ്പർ: 0471 – 2525300

Geetha

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
29.07.2021